## പതിമൂന്നാം കേരള നിയമസഭ
## പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 3248

14.07.2015 ൽ മറുപടിയ്ക്ക്

# പുന്നപ്ര സാഗര സഹകരണ ആശുപത്രി സൂപ്രണ്ടിനെതിരെയുള്ള പരാതി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. ജി. സുധാകരൻ | ശ്രീ. സി. എൻ. ബാലകൃഷ്ണൻ<br>(സഹകരണവും ഖാദിഗ്രാമ വ്യവസായവും വകുപ്പ് മന്ത്രി) |
| (എ) പുന്നപ്ര സാഗര സഹകരണ ആശുപത്രി സൂപ്രണ്ട് കൃത്യമായി ആശുപത്രിയിൽ എത്തുന്നില്ലെന്നും ആഴ്ചയിൽ ഒരു ദിവസം വന്ന് ഒപ്പിട്ട് പോകുന്നുവെന്നുമുള്ള പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇക്കാര്യത്തിൽ എന്ത് നടപടി സ്വീകരിക്കുവാനാണ് ഉദ്ദേശിക്കുന്നത്; വ്യക്തമാക്കാമോ; | (എ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (ബി) പ്രസ്തുത ആശുപത്രിയിലെ ഡയാലിസിസ് യൂണിറ്റ് 24 മണിക്കൂറും പ്രവർത്തിപ്പിക്കുവാൻ നടപടി സ്വീകരിക്കുമോ; | (ബി) നെഫ്രോളജി വിഭാഗം ഡോക്ടറുടെ സേവനം പൂർണ്ണതോതിൽ ലഭ്യമായാൽ മാത്രമേ സാഗര ആശുപത്രിയിൽ 24 മണിക്കൂറും ഡയാലിസിസ് യൂണിറ്റ് പ്രവർത്തിപ്പിക്കുവാൻ സാധിക്കുകയുള്ളൂ. ഇക്കാര്യം പരിശോധിച്ചു വരുന്നു. |
| (സി) യു.എസ്.ജി. സ്കാൻ പ്രവർത്തിപ്പിക്കാൻ റേഡിയോളജിസ്റ്റില്ല എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ റേഡിയോളജിസ്റ്റിനെ നിയമിക്കാൻ നടപടി സ്വീകരിക്കുമോ; | (സി) നിലവിൽ HLL Life Care Limited ന്റെ സഹകരണത്തോടെ 24 മണിക്കൂറും ടെലി-റേഡിയോളജി സംവിധാനം സാഗര ആശുപത്രിയിൽ ലഭ്യമാണ്. |

| | |
|---|---|
| സർജറി, ഓർത്തോ, കാർഡിയോളജി (ഡി) എന്നീ വിഭാഗത്തിൽ ആവശ്യത്തിന് ഡോക്ടർമാരെ നിയമിക്കാൻ നടപടി സ്വീകരിക്കുമോ? | സർജറിയിലും ഓർത്തോയിലും കാർഡിയോളജിയിലും നിലവിൽ വിദഗ്ധ ഡോക്ടർമാരുടെ സേവനം ലഭ്യമാക്കുന്നുണ്ട്. |

സെക്ഷൻ ഓഫീസർ